# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *656 — 03.04.2018-ൽ മറുപടിയ്ക്ക്.

## പാലിന്റെ ഗുണമേന്മ പരിശോധിക്കാൻ സംവിധാനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.ടി. തോമസ്**<br>**ശ്രീ.വി.എസ്.ശിവകുമാർ**<br>**ശ്രീ.സണ്ണി ജോസഫ്** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പാലിന്റെ ഗുണമേന്മ പരിശോധിക്കാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഗുണനിയന്ത്രണ ഓഫീസർമാരുടെ കീഴിൽ പാൽ പരിശോധനാ ലാബുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ പാലക്കാട് ജില്ലയിലെ മീനാക്ഷിപുരത്ത് ഇതരസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാൽ പരിശോധിക്കുന്നതിന് ചെക്ക് പോസ്റ്റിനോടനുബന്ധിച്ച് ലബോറട്ടറി പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിലും കൊല്ലം ജില്ലയിലെ ആര്യങ്കാവിലും ചെക്ക്പോസ്റ്റുകൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ചെക്ക്പോസ്റ്റും ലബോറട്ടറിയും ആരംഭിക്കുന്നതാണ്.<br>ആലത്തൂർ, കോട്ടയം എന്നിവിടങ്ങളിൽ ഓരോ റീജിയണൽ ലാബുകളും പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ വിശദപരിശോധന നടത്തുന്നതിനായി NABL അക്രഡിറ്റേഷനോടുകൂടിയ "സ്റ്റേറ്റ് ഡെയറി ലാബ്" തിരുവനന്തപുരത്ത് ക്ഷീരവികസന വകുപ്പിന്റെ ഡയറക്ടറേറ്റിനോട് ചേർന്ന് പ്രവർത്തിച്ചുവരുന്നു. കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരത്ത് റീജിയണൽ ലാബിന്റെ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുന്നതാണ്. സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള പാലിന്റെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ |

വകുപ്പിന്റെ കീഴിൽ എറണാകുളം, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ലാബുകളിൽ പരിശോധന നടത്തി വ്യാജമാണെന്ന് കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം അഡ്ജ്യൂഡിക്കേഷൻ/പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) അന്യസംസ്ഥാനത്ത് നിന്നും വരുന്ന പാല് പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അന്യ സംസ്ഥാന അതിർത്തിയിൽ ക്ഷീരവികസന വകപ്പിന് നിലവിൽ പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം ചെക്ക്പോസ്റ്റിൽ മാത്രമാണ് പാൽ പരിശോധന ലാബ് ഉള്ളത്. ഇവിടത്തെ പരിശോധനയിൽ ഗുണനിലവാരം ഇല്ലാത്തതും മായം കലർന്നതുമായ പാൽ ശ്രദ്ധയിൽപെട്ടാൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന് കൈമാറാറുണ്ട്.

ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബിന്റെ സേവനം ചെക്ക് പോസ്റ്റുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പാൽ പ രിശോധനയ്ക്കായി ഉപയോഗിക്കുന്നുണ്ട്. ഇത്തരം പരിശോധനകളിൽ നിലവാരം കുറഞ്ഞതാണെന്ന് കണ്ടെത്തിയാൽ സംസ്ഥാനത്തിനകത്ത് കടത്തിവിടുന്നത് തടയുന്നുണ്ട്.

(സി) പാലിന്റെ ഗുണമേന്മ പരിശോധന ശക്തമാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്നറിയിക്കാമോ?

(സി) പാലിന്റെ ഗുണമേന്മ പരിശോധന ശക്തമാക്കാൻ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിലും കൊല്ലം ജില്ലയിലെ ആര്യങ്കാവിലും ചെക്ക് പോസ്റ്റ് ഉടൻതന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടാതെ കാസർഗോഡ് ജില്ലയിലും ഒരു റീജിയണൽ ലാബ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പാലിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾക്കായി 2017-18 വർഷത്തിൽ 4.66 കോടി രൂപ വകയിരുത്തി ആയതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ജില്ലാ

ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ, റീജിയണൽ ലാബുകളുടേയും സ്റ്റേറ്റ് ഡയറി ലാബിലേയും ആവശ്യമായ രാസവസ്തുക്കൾ പരിശോധനാ ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റുമായും ആണ് ഈ തുക പ്രധാനമായും ഉപയോഗിക്കുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ പാലിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിനായി 5.04 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ഭക്ഷ്യസുരക്ഷാ വകുപ്പ് നിശ്ചിത ഇടവേളകളിലും ഓണം, ബക്രീദ്, ക്രിസ്തുമസ് തുടങ്ങിയ ആഘോഷവേളകളിലും സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് പാലിന്റെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തി ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയാൽ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ